പതിമൂന്നാം നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5801 — 29.07.2015-ൽ മറുപടിക്ക്

## ബ്ലാക്ക്സ്മിത്ത് തസ്തിക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്. ശബരീനാഥൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ ബ്ലാക്ക്സ്മിത്ത് തസ്തികയിലേക്ക് അവസാനമായി എന്നാണ് പി.എസ്.സി വഴി വിജ്ഞാപനം നടത്തിയിട്ടുള്ളത്; എത്ര ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത്; | (എ) | 30.12.2009 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 470-/09 പ്രകാരമാണ് ബ്ലാക്ക്സ്മിത്ത് തസ്തികയിലേക്ക് അവസാനമായി പി.എസ്.സി വിജ്ഞാപനം നടത്തിയിട്ടുള്ളത്. വിജ്ഞാപനത്തിൽ 350 ഒഴിവുകളാണ് രേഖപ്പെടുത്തിയിരുന്നത്. ബ്ലാക്ക്സ്മിത്ത് തസ്തികയിൽ നിലവിൽ 405 ഒഴിവുകളാണുള്ളത്. |
| (ബി) | ബ്ലാക്ക്സ്മിത്ത് തസ്തികയ്ക്കായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; എങ്കിൽ ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നറിയുമോ; ഇപ്പോൾ എത്ര ഒഴിവുകളാണ് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | (ബി) യും (സി) യും | 23.10.2014 ൽ കെ.പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. കെ.എസ്.ആർ.ടി.സി. യിൽ നിന്നും 396 ഒഴിവുകളാണ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത ഒഴിവുകളിലേയ്ക്കുള്ള നിയമന ശുപാർശ 22.7.2015 ൽ കെ.പി.എസ്.സി അംഗീകരിച്ചിട്ടുണ്ട്. നിയമന ശുപാർശ അയക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ച് വരുന്നു.<br>ശേഷിച്ച 9 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഇതുവരെയും ആരെയും നിയമനത്തിനായി ശിപാർശ ചെയ്തിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിലെ നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ